STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.117/PR/SPMC/PHQ/2025 Date: 03.03.2026

# പൊലീസ്, വിജിലൻസ്, ജയിൽ വകുപ്പുകളുടെ പുതിയ മന്ദിരങ്ങളുടെ ഉദ്ഘാടനം നാളെ (മാർച്ച് 4ന്) വൈകുന്നേരം 3 .15 ന്

പോലീസ്, ജയിൽ , വിജിലൻസ് വകുപ്പുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടനുബന്ധിച്ചുള്ള പുതിയ മന്ദിരങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം നാളെ (ബുധനാഴ്ച്ച 04.03.2026) വൈകുന്നേരം 3 .15 ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു മുട്ടത്തറയിൽ നിർവഹിക്കും.

വിവിധ ജില്ലകളിലായി പൂർത്തീകരിച്ച പുതിയ മന്ദിരങ്ങളുടെ ഉദ്ഘാടനവും മറ്റുളവയുടെ ശിലാസ്ഥാപനവുമാണ് മുഖ്യമന്ത്രി തിരുവനന്തപുരം, മുട്ടത്തറ ക്രൈം ബ്രാഞ്ച് കോംപ്ലക്സ് ബിൽഡിങ്ങിൽ വച്ച് നടക്കുന്ന ചടങ്ങിൽ നിർവഹിക്കുക.

പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, മുതിർന്ന പൊലീസ് ഓഫീസർമാർ, ജനപ്രതിനിധികൾ, പൊലീസ് ഉദ്യോഗസ്ഥർ പങ്കെടുക്കും.

************************